# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6669** **11-07-2024 - ൽ മറുപടിയ്ക്ക്**

## പ്രൈമറി ഹെഡ്മാസ്റ്റർക്കു ശമ്പളസ്കെയിലും ഹയർ ഗ്രേഡും അനുവദിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷൻ നല്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ജില്ലകളിലുള്ള ഹെഡ്മാസ്റ്റർമാർക്ക് ശമ്പളസ്കെയിലും ഹയർ ഗ്രേഡും അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും നാളിതുവരെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കാത്ത ജില്ലകൾ ഏതെല്ലാമെന്നും അറിയിക്കാമോ; | (എ) | **വിവരം ശേഖരിച്ചു വരികയാണ്.** |
| (ബി) | പുതിയ ഉത്തരവ് പ്രകാരം പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ശമ്പളസ്കെയിലും ഹയർ ഗ്രേഡും നൽകാൻ ഏതെല്ലാം ജില്ലകളിലെ ഡെപ്യൂട്ടി ഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് സ്പഷ്ടീകരണം ചോദിച്ചു എന്നറിയിക്കുമോ; | (ബി) | **പ്രൈമറി സ്കൂൾ പ്രഥമാധ്യാപകർക്ക് ആനുകൂല്യങ്ങൾ നൽകുന്ന വിഷയത്തിൽ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് സ്പഷ്ടീകരണം ആരാഞ്ഞിട്ടുണ്ട്.** |
| (സി) | ഇത്തരത്തിൽ സ്പഷ്ടീകരണം ചോദിച്ചവർക്ക് സ്പഷ്ടീകരണം നൽകിയിട്ടുണ്ടോയെന്നും പ്രസ്തുത വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് ഉപദേശം തേടിയിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (സി) | **ഇത്തരത്തിൽ സ്പഷ്ടീകരണം ചോദിച്ചവർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും സ്പഷ്ടീകരണം നൽകിയിട്ടില്ല. 21.02.2024-ലെ എ2/1570/2020/ഡിജിഇ നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് സ്പഷ്ടീകരണം നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.** |
| (ഡി) | പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് ഡെപ്യൂട്ടി ഡയറക്ടർമാർ രണ്ട് രീതിയിൽ വ്യാഖ്യാനിച്ച് കുറച്ചു ജില്ലകളിലെ അദ്ധ്യാപകർക്ക് അനുകൂല്യങ്ങൾ നൽകിയിട്ടുള്ളതും ശേഷിക്കുന്ന ജില്ലകളിലുള്ളവർക്ക് അനുകൂല്യങ്ങൾ നിരസിച്ചിട്ടുള്ളതും പരിശോധിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | 19.10.2023 ലെ സ.ഉ (സാധാ) നം. 6414/2023/ പൊ.വി.വ ഉത്തരവ് പ്രകാരം പ്രഥമാധ്യാപകർക്ക് ആനുകൂല്യം നൽകുന്ന വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ള പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഓരോ ജില്ലയിലും ശമ്പളസ്കെയിലും | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | ഹയർ ഗ്രേഡും അനുവദിച്ചിട്ടില്ലാത്ത പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ എണ്ണം അറിയിക്കുമോ; | | |
| (എഫ്) | മുഴുവൻ പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും നിയമാനുസൃതം അർഹതപ്പെട്ട ശമ്പളസ്കെയിലും ഹയർ ഗ്രേഡും അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | ഈ വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ